**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 220** **14-02-2024 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം അതിരൂക്ഷമാകാതിരിക്കുവാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 1. നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി പുഴയ്ക്ക് കുറുകെ താൽകാലിക തടയണകൾ കെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. പമ്പിംഗിന് ജലലഭ്യത ഉറപ്പാക്കുന്നതിനായി പമ്പിംഗ് സ്റ്റേഷന് സമീപം ഉള്ള ജല നിരപ്പ് ഒരു പരിധിവരെ ഉയർത്തുന്നതിന് ഇത് മൂലം സാധിക്കുന്നു.<br><br>2. വേനൽകാലത്ത് ജലസ്രോതസ്സുകളിലെ ജലനിരപ്പ് അപകടകരമാം വിധം താഴ്ന്ന് പോകുന്നിടങ്ങളിൽ കടൽ, കായൽ എന്നിവിടങ്ങളിൽ വേലിയേറ്റത്തിലും മറ്റും ഓര് ജലം കയറുന്നതിനും ജലസ്രോതസ്സുകൾ മലിനപ്പെടുന്നതിനും ഉള്ള സാഹചര്യം ഒഴിവാക്കുന്നതിനായും താൽക്കാലിക തടയണകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ചെയ്ത് വരുന്നു.<br><br>3. വേനൽകാലത്ത് ജലലഭ്യത കുറയുന്നതോടൊപ്പം ജല ഉപഭോഗവും വർദ്ധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സാഹചര്യത്തിൽ ജലത്തിന്റെ ദുരുപയോഗം അവസാനിപ്പിക്കുന്നതിന് വിപുലമായ പ്രചരണ പരിപാടികളും ജല മോഷണം തടയുന്നതിനുള്ള പരിശോധനയും വർദ്ധിച്ച രൂപത്തിൽ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| | | | 4. തടാകങ്ങളിലെ ജലത്തിന്റെ കരുതൽ വർദ്ധിപ്പിക്കുന്നതിനുതകുന്ന വിധത്തിൽ ദിവസേനയുള്ള പമ്പിംഗിന്റെ നിരക്കിൽ ക്രമപ്പെടുത്തൽ വരുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നു.<br><br>5.വേനൽ വർദ്ധിച്ചു വരികയാണെങ്കിൽ ജലവിതരണത്തിൽ ക്രമീകരണം നടത്തി വേനലിനെ പ്രതിരോധിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br><br>6. വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമാകുന്ന പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | കുടിവെള്ള സ്രോതസ്സുകളിലെ ജലവിതാനവും ജലലഭ്യതയും പരിഗണിച്ച് ജല ഉപഭോഗത്തിലും ജല വിതരണത്തിലും ശക്തമായ ആസൂത്രണവും നിയന്ത്രണവും ഏർപ്പെടുത്തേണ്ട സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കുടിവെള്ള സ്രോതസ്സുകളിലെ ജലവിതാനവും ജലലഭ്യതയും നിലവിൽ അപകടമാംവിധം താഴ്ന്ന പോയതായി ശ്രദ്ധയിൽപെട്ടിട്ടില്ല. എന്നാൽ വേനലിന്റെ തോത് വർദ്ധിക്കുകയും ആയത് നീണ്ടു പോകുകയും ചെയ്യുന്ന പക്ഷം കടുത്ത നിയന്ത്രണം വേണ്ടി വന്നേക്കാം. |
| (സി) | ജലസ്രോതസ്സുകളിലെ ജലവിതാനം താഴുന്നത് കാരണം ജനങ്ങൾക്കിടയിൽ ജലജന്യ രോഗങ്ങൾ പടർന്നു പിടിക്കാനുള്ള സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | ജലസ്രോതസ്സുകളിലെ ജലവിതാനം താഴുന്നത് കാരണം ജലജന്യരോഗങ്ങൾ പടർന്നു പിടിക്കാനുള്ള സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജല ദൗർലഭ്യം ഉണ്ടാകാനിടയുള്ള സാഹചര്യങ്ങളിൽ ആണ് ജലജന്യരോഗങ്ങൾ കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഇത് മുൻകൂട്ടി കണ്ടുകൊണ്ട് സംസ്ഥാന ആരോഗ്യവകുപ്പ് പ്രതിരോധ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ ജലം മലിനമാകാൻ സാധ്യതയുള്ള സ്ഥലങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകികൊണ്ട് ആരോഗ്യ ജാഗ്രത കലണ്ടർ അനുസരിച്ചും നിശ്ചിത ഇടവേളകളിലും ഹെൽത്തി കേരള പരിപാടിയുടെ ഭാഗമായും കുടിവെള്ള സ്രോതസ്സുകളിൽ ക്ലോറിനേഷൻ/ സൂപ്പർക്ലോറിനേഷൻ നടത്തി വരുന്നു. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന എല്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും മെഡിക്കൽ കോളേജിലെ മൈക്രോ ബയോളജി ലാബുകളിലും വാട്ടർ അതോറിറ്റിയുടെ ലാബുകളിലും നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഗുണനിലവാര പരിശോധന വിഭാഗം ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കീഴിൽ പ്രവർത്തിച്ച് വരുന്നു. മൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ അധീനതയിൽ മൂന്ന് മേഖലകളിലും സബ് ഡിവിഷനുകൾ സെക്ഷനുകൾ എന്നിവ പ്രവർത്തിച്ച് വരുന്നു. ഗുണനിലവാരം പരിശോധിക്കുന്നതിനും പരിഹാരനടപടികൾക്കുമായി 84 NABL അക്രഡിറ്റഡ് ലാബുകളും കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിൽ പ്രവർത്തിച്ച് വരുന്നു. |
| (ഡി) | വേനൽക്കാലത്ത് സ്വകാര്യ ഏജൻസികൾ ടാങ്കറുകളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (ഡി) | സ്വകാര്യ ഏജൻസികൾ ടാങ്കറുകളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും ആയത് ഉറപ്പ് വരുത്തുന്നതിനും എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പ്രകാരം ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ലാബുകളിൽ ടെസ്റ്റ് ചെയ്ത് ഉറപ്പ് വരുത്തുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ജലശുദ്ധീകരണശാലകളിൽ നിന്നും ടി ടാങ്കറുകളിലേയ്ക്ക് നൽകുന്ന ജലത്തിന്റെ ഗുണനിലവാരം കേരള വാട്ടർ അതോറിറ്റി ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>ടാങ്കർ ലോറികളിലൂടെ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ പരിശോധന നടത്തി ഗുണനിലവാരം ഉണ്ടെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രമാണ് വിതരണം ചെയ്യാൻ അനുമതി നൽകുന്നത്. കൂടാതെ കുടിവെള്ളം ശേഖരിക്കുന്ന ഉറവിടങ്ങൾ അണുവിമുക്തമാക്കുന്നു. ശേഖരിച്ച് വെച്ചിരിക്കുന്ന കുടിവെള്ളം അണു വിമുക്തമാക്കുന്നതിനായി ക്ലോറിൻ ഗുളികകൾ വിതരണം ചെയ്യുന്നു. ജല സ്രോതസുകൾ മലിനമാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നു. ബ്ലീച്ചിങ് പൗഡർ, ക്ലോറിൻ ഗുളികകൾ, കുടിവെള്ള പരിശോധന കിറ്റ് എന്നിവയുടെ ലഭ്യത എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ഉറപ്പ് വരുത്തിയിട്ടുണ്ട്. ജലജന്യ രോഗങ്ങളെ പ്രതിരോധിക്കാൻ ആഹാര ശുചിത്വം, കുടിവെള്ള ശുചിത്വം, വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവയെ കുറിച്ചുള്ള ബോധവൽക്കരണം പൊതുജനങ്ങൾക്ക് നൽകി വരുന്നു. ജല സ്രോതസുകൾ മലിനമാക്കുന്നവർക്ക് |

| | | | |
|---|---|---|---|
| | | | എതിരെ നടപടി സ്വീകരിക്കാനും ആരോഗ്യപ്രവർത്തകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കേരള വാട്ടർ അതോറിറ്റിയും ഭക്ഷ്യസുരക്ഷാ വകുപ്പും പൊല്യൂഷൻ കൺട്രോൾ ബോർഡും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ വരുത്തുന്നു. വ്യാപാര സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന ജലം അണുവിമുക്തമാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഉറപ്പ് വരുത്തുന്നുണ്ട്. കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളവിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ